ആർ.സി.എസ്/6497/2020/MT-1

സഹകരണസംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി : 20.01.2021

## സർക്കുലർ നമ്പർ: 4/2021

വിഷയം:- സഹകരണ വകുപ്പ് - ടെക്നോപാർക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ക്ലിപ്തം.നമ്പർ.റ്റി.2131 - ന് "ബി" ക്ലാസ്സ് ഓഹരി സമാഹരണത്തിനുള്ള അനുമതി -സംബന്ധിച്ച്.

സൂചന:- 1. സംഘം ഭരണസമിതിയുടെ 05.01.2021- ലെ 4-ാം നമ്പർ തീരുമാനം.

2. തിരുവനന്തപുരം ജനറൽ വിഭാഗം ജോയിന്റ് രജിസ്ട്രാരുടെ 16.01.2021 തീയതിയിലെ പി(2) 1082/2020 നമ്പർ കത്ത്.

ടെക്നോപാർക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ക്ലിപ്തം.നമ്പർ.റ്റി.2131-ന് ടെക്നോപാർക്ക് അനുവദിച്ച നൽകിയിട്ടുള്ള 2.3 ഏക്കർ സ്ഥലം വാങ്ങുന്നതിന് ഫണ്ട് സമാഹാരിക്കുന്നതിനായി സംഘത്തിന്റെ 'ബി' ക്ലാസ് ഓഹരികൾ തിരുവനന്തപുരം,കൊല്ലം ജില്ലകളിൽ നിന്നുള്ള സഹകരണ സംഘങ്ങൾക്കോ/ ബാങ്കുകൾക്കോ വിതരണം ചെയ്യുന്നതിന് അനുവാദത്തിനായി സംഘം ഭരണസമിതി സൂചന (1) പ്രകാരം തീരുമാനമെടുത്ത് സൂചന (2) പ്രകാരം ജോയിന്റ് രജിസ്ട്രാർ (ജനറൽ) വഴി അപേക്ഷിച്ചിരിക്കുന്നു. കേരളത്തിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും 'ബി' ക്ലാസ് ഓഹരി ഇനത്തിൽ ധനസമാഹരണം നടത്തുന്നതിന് സംഘത്തിന്റെ നിയമാവലി 6(ഡി)യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

1969-ലെ കേരള സഹകരണ നിയമം വകുപ്പ് 57(സി) പ്രകാരം സഹകരണ സംഘം രജിസ്ട്രാറുടെ സാമാന്യമായോ പ്രത്യേകമായോ ഉള്ള നിർദ്ദേശപ്രകാരം മറ്റേതെങ്കിലും സംഘത്തിന്റെ ഓഹരികളിലോ സെക്യൂരിറ്റികളിലോ നിക്ഷേപിക്കാവുന്നതാണെന്നു വ്യവസ്ഥ ചെയ്യുന്നു.

സൂചന(1)തീരുമാനത്തിന്റെയും,സൂചന(2)റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടെക്നോപാർക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റിക്ക് ഫണ്ട് സമാഹാരിക്കുന്നതിലേക്കായി ടി സംഘത്തിന്റെ 'ബി' ക്ലാസ് ഓഹരികൾ സഹകരണ

സംഘം രജിസ്ട്രാരുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം,കൊല്ലം ജില്ലകളിൽ നിന്നുള്ള സഹകരണ സംഘങ്ങൾ/ബാങ്കുകൾ അവയുടെ പൊതുഫണ്ട് ഉപയോഗിച്ച് അതാതു സഹകരണ സംഘങ്ങളുടെ നിയമാവലി വ്യവസ്ഥകളുടെയും ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഓഹരി എടുക്കുന്നതിന് അനുമതി നൽകുന്നു.

ഇപ്രകാരം ടെക്നോപാർക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി പിരിച്ചെടുക്കുന്ന ഓഹരി തുക 8(എട്ട്)കോടി രൂപയിൽ അധികരിക്കാൻ പാടില്ലാത്തതും,ടി തുക ടെക്നോപാർക്ക് അനുവദിച്ചു നൽകിയിട്ടുള്ള 2.3 ഏക്കർ സ്ഥലം വാങ്ങുന്നതിന് മാത്രമേ വിനിയോഗിക്കുവാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നു.

ഒപ്പ്
ഡോ.നരസിംഹഗരി.റ്റി.എൽ.റെഡ്ഡി,ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

സെക്രട്ടറി,
ടെക്നോപാർക്ക് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി ക്ലിപ്തം. നമ്പർ. റ്റി.2131,
ടെക്നോ മാൾ, ടെക്നോപാർക്ക് ക്യാമ്പസ്, കഴക്കൂട്ടം, തിരുവനന്തപുരം-695581.

പകർപ്പ്:- 1. ജോയിന്റ് രജിസ്ട്രാർ (ജനറൽ) തിരുവനന്തപുരം.
2.ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) തിരുവനന്തപുരം.
3.കരുതൽ ഫയൽ
4.അധികം
5.ഐ.റ്റി സെക്ഷൻ
6.സഹകരണ വീഥി

ആജ്ഞാനുസരണം

അസിസ്റ്റന്റ് രജിസ്ട്രാർ(എം.റ്റി.)